# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1842 08.06.2018-ൽ മറുപടിക്ക്

## ചരിത്ര പ്രാധാന്യമുള്ള വ്യക്തികൾക്ക് സ്മാരകങ്ങൾ

**ചോദ്യം**

ശ്രീ.വി. അബ്ദുറഹിമാൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചരിത്ര പ്രാധാന്യമുള്ള ഏതൊക്കെ വ്യക്തികൾക്കാണ് പുതുതായി സ്മാരകങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | സ്വാതന്ത്ര്യ സമരസേനാനിയും, വിപ്ലവ നേതാവുമായിരുന്ന ശ്രീ.എ.കെ.ഗോപാലന്റെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ ജന്മനാടായ കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തി കൊണ്ടുള്ള എ.കെ.ജി സ്മൃതി മ്യൂസിയവും, സ്മാരകവും നിർമ്മിക്കുന്നതിന് മ്യൂസിയം വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ കവിയും സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന ശ്രീ.ബോധേശ്വരന് ജന്മം നൽകിയ 'വാഴവേലിൽ തറവാട് ' വീടും അതിന്റെ വാസ്തു ശില്പ പൈതൃകം കൂടി കണക്കിലെടുത്ത് പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഡോ. പൽപ്പുവിന്റെ ജന്മഗൃഹം പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പുതുതായി ഏതെങ്കിലും സ്ഥലങ്ങളും കെട്ടിടങ്ങളും മ്യൂസിയമായി സംരക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. കാസർ ഗോഡ് ജില്ലയിലെ കാഞ്ഞ ങ്ങാട്ടുള്ള ഗുരുവായൂർ സത്യാഗ്രഹ സ്മാരക നിർമ്മാണം, കാസർഗോഡ് ജില്ലയിലെ കയ്യൂർ രക്തസാക്ഷി സ്മാരക നിർമ്മാണം, കണ്ണൂർ ജില്ലയിലെ പഴയ പോലീസ് സ്റ്റേഷൻ, കണ്ടോന്താർ ജയിൽ എന്നിവ സ്മാരക മ്യൂസിയങ്ങളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | സ്വാതന്ത്ര്യ സമരസേനാനികൾ ഉൾപ്പെടെ യുള്ള മൺമറഞ്ഞ മഹത് വ്യക്തികൾക്ക് സ്മാരകം നിർമ്മിക്കുന്നതിനുള്ള പൊതു മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് | (സി) | സ്വാതന്ത്ര്യ സമരസേനാനികൾക്കും മൺമറഞ്ഞ മഹത് വ്യക്തികൾക്കും സ്മാരകം നിർമ്മിക്കുമ്പോൾ അവർ നാടിനും സമൂഹത്തിനുംവേണ്ടി ചെയ്ത സംഭാവനകൾ |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | ഉയർത്തി കാണിച്ചുകൊണ്ട് അവയെക്കുറിച്ച് പുതു തലമുറയെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് സാധാരണ ഗതിയിൽ സ്മാരകങ്ങൾ നിർമ്മിയ്ക്കാറുള്ളത്. |
| (ഡി) | മേൽസൂചിപ്പിച്ച പ്രകാരമുള്ള വ്യക്തികളുടെ വീടും സ്ഥലവും അവകാശികൾ സർക്കാരിന് കൈമാറിയാൽ ഏറ്റെടുക്കാനും സാംസ്കാരിക നിലയമായോ സ്മാരകമായോ മറ്റ് ഏതെങ്കിലും രീതിയിലോ സംരക്ഷിക്കുന്നതിനും എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ചരിത്ര പ്രാധാന്യമുള്ള വ്യക്തികളുടെ വീടും സ്ഥലവും കൈമാറുന്ന പക്ഷം ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ